## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 688

19.03.13 ൽ മറുപടിക്ക്

## സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ വഴി വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് ;<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. എം. പി. വിൻ സെൻറ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുന്ന സംവിധാനത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ;<br><br>(ബി) ഏത് പദ്ധതി പ്രകാരമാണ് ഈ സംവിധാനം നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുകയും ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്കു ലഭ്യമാക്കുകയും ചെയ്യുക എന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഇപ്പോൾ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി നൽകിവരുന്നത്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിച്ച ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുവാൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ട്. ഇതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അതാതു ജില്ലകളിലെ എല്ലാ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷണൽ ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഹാർഡ് വെയർ, കണക്റ്റിവിറ്റി, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ ലഭ്യമാക്കുകയും, ഇതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും, അക്ഷയ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയറിൽ പരിശീലനവും നൽകുന്നുണ്ട്. |
| (സി) ഏതെല്ലാം വകുപ്പുകൾ സർട്ടിഫിക്കറ്റും സേവനങ്ങളു-മാണ് ഇതു വഴി നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) റവന്യൂ വകുപ്പിന്റെ വില്ലേജ്/താലൂക്കാഫീസുകളിൽ നിന്നും താഴെ ചേർത്തിരിക്കുന്ന സർട്ടിഫിക്കറ്റ് /സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഇപ്പോൾ ലഭിക്കുന്നത്.<br><br>1. ജാതി സർട്ടിഫിക്കറ്റ്<br>2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |

3. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
7. സോൾവൻസി സർട്ടിഫിക്കറ്റ്
8. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
9. ഡൊമിസിൽ സർട്ടിഫിക്കറ്റ്
10. വരുമാന സർട്ടിഫിക്കറ്റ്
11. കൈവശാവകാശ സർട്ടിഫിക്കറ്റ്
12. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
13. കൈവശാവകാശവും നോൺ-അറ്റാച്ച് മെന്റും സർട്ടിഫിക്കറ്റ്
14. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
15. ലൈഫ് സർട്ടിഫിക്കറ്റ്
16. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
17. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
18. ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
19. മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ്
20. അഗതി സർട്ടിഫിക്കറ്റ്
21. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
22. ആശ്രിതനെന്ന സർട്ടിഫിക്കറ്റ്
23. പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഈ സംവിധാനങ്ങളുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ? | (ഡി) കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ്. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടു കൂടിയാണ് ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. അക്ഷയാ കേന്ദ്രങ്ങൾ വഴിയാണ് ഈ പദ്ധതിയുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിനാൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട 'വിപ്രോ' ഈ പദ്ധതിയുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റായും, 'അക്സഞ്ചർ' നാഷണൽ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റായും ഈ പദ്ധതിയിൽ സഹകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ